44107

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യക്ഷേമ വകുപ്പ് - ഗാർഹികാതിക്രമങ്ങൾ ഉൾപ്പെടെ പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസ പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യക്ഷേമ (ബി) വകുപ്പ്**

**സ.ഉ (സാധാ) നം. 427/2011/സാക്ഷേവ** **തീയതി, തിരുവനന്തപുരം, 24/11/2011.**

---

പരാമർശം: 1) സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 24.10.2011 ലെ സി2-32507/11 നമ്പർ കത്ത്.
2) 04.11.2011-ലെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

**<u>ഉത്തരവ്</u>**

ഗാർഹിക അതിക്രമങ്ങൾ ഉൾപ്പെടെ വിവിധതരത്തിലുള്ള പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

2. സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശം 04.11.2011ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 2235-02-106-93 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപയിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**<u>പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ:-</u>**

1. പീഡനങ്ങൾ മൂലം നിലനിൽപ്പിനും, സുരക്ഷയ്ക്കും നിരന്തര ഭീഷണി അനുഭവിക്കുന്ന സ്ത്രീകൾക്ക് മാന്യമായി ജീവിക്കാനുള്ള ഭൗതിക സാഹചര്യം സൃഷ്ടിക്കുക. പീഡനത്തിനിരയായ സ്ത്രീകൾക്ക് താഴെ പറയുന്ന കാര്യങ്ങൾക്ക് ധനസഹായം നൽകുക.
   (1)താമസസ്ഥലം, ഭക്ഷണം, ചികിത്സ, പഠന ആവശ്യങ്ങൾ തുടങ്ങി പ്രാഥമിക ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിന്.
   (2) ടി വ്യക്തിയെ ആശ്രയിച്ച് കഴിയുന്നവർക്ക് ഉദാ:കുട്ടികൾ, മാതാപിതാക്കൾ എന്നിവരുടെ ജീവിതാവശ്യങ്ങൾക്കായി.
   (3)അതിക്രമങ്ങൾ മൂലം നഷ്ടപ്പെട്ട/കേടുപാടുകൾ സംഭവിച്ച വസ്തുവകകൾ പുന:സ്ഥാപിക്കുന്നതിന്.
2. ഗാർഹിക പീഡനം മൂലം മരണപ്പെടുന്ന വനിതകളുടെ മക്കൾക്ക്/ഗാർഹിക പീഡനം മൂലം കുട്ടികളുടെ വിദ്യാഭ്യാസ ചിലവ് വഹിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്ന വനിതകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുക.
3. വിവിധതരത്തിലുള്ള പീഡനങ്ങൾ മൂലമോ, കടുത്ത അവഗണന മൂലമോ ദാരിദ്ര്യം അനുഭവിച്ചുകൊണ്ട് ഒറ്റപ്പെട്ട് കഴിയുന്ന സ്ത്രീകൾക്ക് (പ്രായഭേദമന്യേ) ആശ്വാസം പകരുക.

**പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വേണ്ട യോഗ്യതകൾ:-**

1. അപേക്ഷക ഗാർഹികാതിക്രമത്തിന് ഇരയായവളാണെങ്കിൽ PWDV ആക്ട് 2005 സെക്ഷൻ 19, 20, 21 പ്രകാരം ഏതെങ്കിലും മജിസ്ട്രേട്ട് കോടതിയെ ആശ്വാസ നടപടികൾക്കായി സമീപിച്ചവരോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ പീഢനത്തിനിരയായി പോലീസ് സ്റ്റേഷനിൽ പരാതി നൽകി അന്വേഷണത്തിൽ ഇരിക്കുന്നതോ, കോടതിയിൽ കേസ് വിചാരണ നടക്കുന്നതോ ആയിരിക്കണം.
2. അപേക്ഷക എതിർകക്ഷികളിൽ നിന്നും ശാരീരികമായോ, ലൈംഗികമായോ, സാമ്പത്തികമായോ ഗുരുതരമായ ചൂഷണങ്ങൾക്കോ/പീഢനങ്ങൾക്കോ വിധേയമായവളും ആയത് ബന്ധപ്പെട്ട കോടതി ഉത്തരവിലോ, പ്രൊട്ടക്ഷൻ ഓഫീസർ/സർവ്വീസ് പ്രൊവൈഡർ തയ്യാറാക്കി കോടതിയിൽ സമർപ്പിച്ച ഗാർഹിക സംഭവ റിപ്പോർട്ടിലോ (DIR), ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ FIR/Case Diaryയിലോ പ്രഥമദൃഷ്ട്യാ ബോധ്യം വന്ന രീതിയിൽ പരാമർശിച്ചിരിക്കുകയും വേണം.
3. പീഢന സംഭവം സംബന്ധിച്ച് ഒരിക്കൽ കോടതിയെ സമീപിക്കുകയും എന്നാൽ പിന്നീട് ഒത്തു തീർപ്പാവുകയും ചെയ്ത അപേക്ഷകരെ പരിഗണിക്കുന്നതല്ല.
4. ഇതേ ആവശ്യത്തിന് സർക്കാരിൽ നിന്നോ ഏതെങ്കിലും സന്നദ്ധ സംഘടനയിൽ നിന്നോ കോടതി മുഖേനയോ ധനസഹായമോ, നഷ്ട പരിഹാരമോ ഇതിന് മുമ്പ് ലഭിച്ചിട്ടുള്ള വ്യക്തികൾ ഈ പദ്ധതിയുടെ ഗുണഭോക്താവാകാൻ യോഗ്യരല്ല.

**ധനസഹായതുക**

1. ഈ പദ്ധതി പ്രകാരം ധനസഹായതുക പരമാവധി 25,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. പ്രത്യേക സാഹചര്യങ്ങളിൽ ധനസഹായം ശുപാർശ ചെയ്യുന്ന സമിതിക്ക് അധിക ധനസഹായം അത്യന്താപേക്ഷിതമാണെന്ന് തോന്നുന്നപക്ഷം ശുപാർശ ചെയ്യാവുന്നതും, സർക്കാരിന്റെ പ്രത്യേക അനുമതിയോടുകൂടി ധനസഹായം അനുവദിക്കാവുന്നതുമാണ്.
2. ധനസഹായം അനുവദിക്കുന്ന അധികാരി സാമൂഹ്യക്ഷേമ ഡയറക്ടർ ആയിരിക്കും.

**-സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മുൻഗണനാക്രമം**

1. ലൈംഗിക ചൂഷണത്തിനിരയായി മാനസ്സിക-ശാരീരിക പ്രശ്നങ്ങളും കഷ്ടതകളും നേരിടുന്ന അവിവാഹിതരായ പെൺകുട്ടികൾ (പ്രായഭേദമന്യേ)
2. അതിക്രമം മൂലം മരണപ്പെട്ടവരുടെ മക്കൾക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള അപേക്ഷകൾ.
3. സാമ്പത്തികമായി പിന്നോക്കക്കാരായ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പീഢനങ്ങൾക്കിരയായ വനിതകൾ.
4. പീഢനം മൂലം, ഗൗരവതരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിച്ച് ആശുപത്രിയിൽ ചികിത്സ തേടിയ സ്ത്രീകൾ.
5. ഷെൽട്ടർ ഹോമിൽ അഭയം തേടിയ ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾ.
6. തീർത്തും ദരിദ്രമായ ചുറ്റുപാടിൽ ഒറ്റപ്പെട്ട് കഴിയേണ്ടി വരുന്ന സ്ത്രീകൾ.

മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും, അപേക്ഷ പരിഗണിക്കുന്നതിനുമുള്ള വിവേചനാധികാരം അതാത് പ്രൊട്ടക്ഷൻ ഓഫീസർക്ക് ആയിരിക്കും.

## പദ്ധതി നിർവ്വഹണ രീതി

1. പദ്ധതിയെക്കുറിച്ച് പ്രമുഖ മാധ്യമങ്ങൾ വഴിയും, അംഗൻവാടി വഴിയും പ്രചരണം നൽകുന്നു.
2. അർഹരായ പീഢനത്തിനിരയായവരിൽ നിന്നും അതാത് ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർമാർ അപേക്ഷ സ്വീകരിക്കുന്നു.
3. തുടർന്ന് അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെട്ട രേഖകളുടെ പരിശോധന നടത്തി അപേക്ഷകയുടെ മേൽവിലാസത്തിൽ വനിത പ്രൊട്ടക്ഷൻ ഓഫീസർ അന്വേഷണം നടത്തുന്നു.
4. വിശദമായ അന്വേഷണത്തിനു ശേഷം പരിഗണനാർഹമായ അപേക്ഷകർ മുൻഗണനാക്രമ നമ്പർ സഹിതം ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമ പ്രകാരം ജില്ലാതലത്തിൽ രൂപീകൃതമായ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള മേൽനോട്ട നിയന്ത്രണ സമിതിയുടെ (District Level Monitoring Committee) പരിഗണനയ്ക്കായി പ്രൊട്ടക്ഷൻ ഓഫീസർ സമർപ്പിക്കുന്നു.
5. സമിതി അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തിയതിനു ശേഷം വ്യക്തമായ ശുപാർശ സഹിതം ധനസഹായം അനുവദിക്കുന്നതിനായി ടി അപേക്ഷകൾ സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് പ്രൊട്ടക്ഷൻ ഓഫീസറെ ചുമതലപ്പെടുത്തുന്നു. (സമിതി ധനസഹായത്തിന് അപേക്ഷ ശുപാർശ ചെയ്യുന്നുവെങ്കിൽ ധനസഹായത്തിന് അർഹതപ്പെട്ട തുക വ്യക്തമായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം. കൂടാതെ മുൻഗണനാക്രമവും നിശ്ചയിച്ചിരിക്കണം. ശുപാർശ ചെയ്യുന്നില്ലെങ്കിൽ ആ വിവരം രേഖപ്പെടുത്തിയിരിക്കണം.).
6. അടിയന്തര സഹായം വേണ്ട സന്ദർഭങ്ങളിൽ District level monitoring committee ശുപാർശ ചെയ്തിരിക്കുന്ന ധനസഹായ തുകയിൽ 10,000 രൂപ വരെ പ്രൊട്ടക്ഷൻ ഓഫീസർക്ക് മാറി നൽകാവുന്നതാണ്. ഈ നടപടിക്ക് പിന്നീട് സാമൂഹ്യക്ഷേമ ഡയറക്ടറുടെ സാധൂകരണം വാങ്ങിക്കേണ്ടതാണ്. ഇതു പ്രകാരം അടിയന്തര സന്ദർഭങ്ങളിൽ ചിലവാക്കുന്നതിന് വേണ്ടുന്ന തുക അതാത് ജില്ലകളിലെ പ്രൊബേഷൻ ഓഫീസിലേക്ക് മുൻകൂറായി (പ്രൊട്ടക്ഷൻ ഓഫീസർമാരെ attach ചെയ്തിട്ടുള്ള) , സാമൂഹ്യക്ഷേമ ഡയറക്ടർ അനുവദിക്കേണ്ടതും, ഈ ആവശ്യത്തിന് പ്രൊട്ടക്ഷൻ ഓഫീസറുടെ അപേക്ഷ പ്രകാരം , പ്രൊബേഷൻ ഓഫീസർമാർ തുക മാറി നൽകേണ്ടതുമാണ്. ഇപ്രകാരം ചെലവാക്കുന്നതിന് 50,000 രൂപ വീതം എല്ലാ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും സാമൂഹ്യക്ഷേമ ഡയറക്ടർ അനുവദിക്കേണ്ടതും തുക തീരുന്ന മുറക്ക് റീക്കൂപ്പ് ചെയ്യുന്നതിനുള്ള നടപടി എല്ലാ പ്രൊബേഷൻ ഓഫീസർമാരും സ്വീകരിക്കേണ്ടതുമാണ്.
7. സാമൂഹ്യക്ഷേമ ഡയറക്ടർ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അർഹരായ അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നു.

## അപേക്ഷയുടെ വിശദാംശങ്ങൾ

1. കുറ്റകൃത്യവുമായി ബന്ധപ്പെട്ട കഷ്ടനഷ്ടങ്ങളുടെ വിവരം
   - i. നശിപ്പിക്കപ്പെട്ട സാധന സാമഗ്രികൾ/രേഖകൾ
   - ii. പങ്കിട്ടുപാർത്ത ഭവനത്തിന് എതിർകക്ഷി വരുത്തിയ കേടുപാടുകളുടെ വിവരം (ഭവനത്തിന്റെ പുനർ നിർമ്മാണത്തിനാണ് തുക വിനിയോഗിക്കേണ്ടതെങ്കിൽ കെട്ടിടത്തിനുണ്ടായ കേടുപാടുകൾ കണക്കാക്കിക്കൊണ്ട് സ്ഥലത്തെ തഹസിൽദാർ നൽകിയ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഉള്ളടക്കം ചെയ്യണം.)
   - iii. ശാരീരിക/ലൈംഗിക ചൂഷണത്തിന് വിധേയമായിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കുന്ന വൂൺഡ് (wound) സർട്ടിഫിക്കറ്റിന്റെ അസ്സൽ ഉള്ളടക്കം ചെയ്യണം.

2. ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുന്നവർ ചികിത്സ ചിലവ് സംബന്ധിച്ച് കൺസൾട്ടിംഗ് ഡോക്ടർ നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഉള്ളടക്കം ചെയ്യണം.

3. പീഢിതയുടെ മക്കളുടെ വിദ്യാഭ്യാസത്തിനാണ് അപേക്ഷയെങ്കിൽ സ്കൂൾ അധികാരി നൽകിയ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഉള്ളടക്കം ചെയ്യണം. കുട്ടികൾക്കു വേണ്ടി ഗാർഹിക പീഢിതയുടെ മാതാപിതാക്കൾക്കോ മറ്റ് അടുത്ത ബന്ധുക്കളിൽ ആർക്കെങ്കിലുമോ അപേക്ഷിക്കാം. (കേസിലെ എതിർകക്ഷികൾ അപേക്ഷിക്കുവാൻ പാടില്ല).

4. അഭയ കേന്ദ്രത്തിൽ താൽക്കാലിക സംരക്ഷണയിൽ കഴിയുന്ന ഗാർഹിക പീഢിതയുടെ അപേക്ഷ ബന്ധപ്പെട്ട ഷെൽട്ടർ ഹോം സൂപ്രണ്ട് സാക്ഷ്യപ്പെടുത്തി ലീഗൽ കൗൺസിലറുടെ സഹായത്തോടെ സമർപ്പിക്കണം.

**അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ സമർപ്പിക്കണം.**

1. ബി. പി. എൽ സർട്ടിഫിക്കറ്റ്.
2. DIR/FIR/കേസ് ഡയറിയുടെ പകർപ്പ്.
3. കോടതിയുടെ ഉത്തരവ്/ഇടക്കാല ഉത്തരവ് എന്നിവയുടെ പകർപ്പ് ഉണ്ടെങ്കിൽ അത്.

അപേക്ഷാഫാറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളുടെ ശരിപ്പകർപ്പുകൾ/അസ്സൽ സഹിതം അതാത് പ്രൊട്ടക്ഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച പ്രൊട്ടക്ഷൻ ഓഫീസർമാർക്കുള്ള റിപ്പോർട്ടും ചെക്ക് ലിസ്റ്റും തയ്യാറാക്കുന്നതിലേക്കായി പ്രവർത്തന മാർഗ്ഗനിർദ്ദേശം സാമൂഹ്യക്ഷേമ ഡയറക്ടർ വികസിപ്പിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ശാരദാ മുരളീധരൻ**
സെക്രട്ടറി

**സാമൂഹ്യ ക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.**
**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**
**ധനകാര്യ വകുപ്പ്**
**സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.**
**പകർപ്പ്: പഞ്ചായത്തും സാമൂഹ്യക്ഷേമ വകുപ്പും മന്ത്രിയുടെ പി.എസിന്**
**സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്**
**സാമൂഹ്യക്ഷേമ (എ) വകുപ്പ്**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**